## പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 155 | 28.05.2019-ൽ മറുപടിക്ക് |
|---|---|

**ഇതര സംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ**

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം കണ്ടെത്തുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ അതിഥി തൊഴിലാളികളെക്കുറിച്ചുള്ള വിവരം ശേഖരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷൻ പരിധികളിൽ ജോലിചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ഫോട്ടോയും തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും ഉൾപ്പെട്ട ബയോഡേറ്റ മുതലായവ അതാത് സ്റ്റേഷനുകളിൽ ശേഖരിച്ച് Migrant Labour Register -ൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നു. കൂടാതെ E-Rekha പോലുള്ള മൊബൈൽ ആപ്ലിക്കേഷൻ വഴിയും ഇവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. പുതുതായി വരുന്ന തൊഴിലാളികളുടെ വിവരങ്ങൾ എത്രയും പെട്ടെന്ന് |

| | | | |
|---|---|---|---|
| | | | സ്റ്റേഷനിൽ ലഭ്യമാക്കുന്നതിനായി തൊഴിൽ ഏജന്റുമാർക്കും, തൊഴിൽ ഉടമകൾക്കും കർശന നിർദ്ദേശം നൽകിവരുന്നു. അസമയങ്ങളിൽ സംശയാസ്പദമായി കാണപ്പെടുന്ന അന്യസംസ്ഥാന തൊഴിലാളികളെ ചോദ്യം ചെയ്യും അവരുടെ വിരങ്ങൾ ശേഖരിച്ചും, രഹസ്യാന്വേഷണ വിഭാഗവും, ഷാഡോ പോലീസും ക്രിമിനൽ പശ്ചാത്തലമുള്ള അന്യ സംസ്ഥാന തൊഴിലാളികളെ നിരീക്ഷിച്ചും അവരവരുടേതായ സംസ്ഥാനങ്ങളിൽ അന്വേഷണം നടത്തിയും വരുന്നതുമാകുന്നു. |

സെക്ഷൻ ഓഫീസർ